അഞ്ചാമതായി, ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തി. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലാ കേന്ദ്രങ്ങളിൽ ടാക്സ് കോംപ്ലക്സുകളുടെ പണി പൂർത്തിയാക്കി. ജീവനക്കാരുടെ മുഖ്യപരാതികൾ പരിഹരിച്ചു.

ആറാമതായി, ക്ലറിക്കൽ സ്റ്റാഫിനടക്കം മൂന്നുവട്ടം സംസ്ഥാന തലത്തിൽ സമ്പൂർണ്ണ പരിശീലനം നൽകി. മന്ത്രി തന്നെ പങ്കെടുത്ത് മേഖലാടിസ്ഥാനത്തിൽ വർഷത്തിൽ രണ്ടുവട്ടം നികുതി പിരിവ് അവലോകനം നടത്തി.

എഴാമതായി, വ്യാപാരി സൗഹൃദ സമീപനം സ്വീകരിച്ചു. നിരന്തരമായി അവരുമായി ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ചു.

അതിർത്തി ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തി. വാളയാർ, മഞ്ചേശ്വരം, മുത്തങ്ങ, അമരവിള എന്നിവിടങ്ങളിൽ സംയോജിത ചെക്ക് പോസ്റ്റുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളും മഞ്ചേശ്വരം, അമരവിള അതിർത്തി ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്തമാക്കി.

റിട്ടേൺ സിക്രൂട്ടണി ശാസ്ത്രീയമാക്കി. സ്ക്രൂട്ടണിയുടെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞു. ഇ-പേമെന്റ് നടപ്പാക്കിയതിലൂടെ നികുതി തൽസമയം സർക്കാർ ഖജനാവിൽ എത്തുന്നു. ഇ-ഫയലിംഗ് സമ്പ്രദായം ലളിതവും സുതാര്യവുമാണ്. വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ഡാറ്റാബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടണി വഴി കണക്കിൽ ഉൾപ്പെടുത്താത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കാനാവുന്നു. നികുതി ചോർച്ച തടയുന്നതിനു ഇവയൊക്കെ സഹായിക്കുന്നു. പ്രധാന ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർ വത്ക്കരിച്ചതിലൂടെ ചെക്ക് പോസ്റ്റുകൾവഴി കടന്നുപോകുന്ന വാഹനങ്ങളുടെയും ചരക്കുകളുടെയും വിശദ വിവരങ്ങൾ ഉടൻതന്നെ നികുതി നിർണ്ണയ അധികാരികൾക്കു ലഭ്യമാകുന്നു.

ഇന്റലിജൻസ് വിഭാഗത്തിന് പുതിയ വാഹനങ്ങളും കൂടുതൽ ജീവനക്കാരെയും നൽകി. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവാർഡുകൾ ഏർപ്പെടുത്തി. ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കാൻ വേണ്ടി പുതുതായി മലപ്പുറം, വയനാട്, മട്ടാഞ്ചേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഐഎസി ഇന്റലിജൻസ് ഓഫീസുകൾ പുതുതായി ആരംഭിച്ചു. വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളിൽ പുതുതായി ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകൾ തുടങ്ങി. മേൽനോട്ടം കാര്യക്ഷമമാക്കാൻ വേണ്ടി 3 ജോയിന്റ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചു.

കൽപ്പറ്റയിൽ വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസുകൾ

114 (2592) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ഓഫീസുകൾക്കായി സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് 19-ൽ സർവ്വേ നമ്പർ 94/2-ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ ഭൂമിയിൽ, വാണിജ്യ നികുതി ഓഫീസ് സമുച്ചയം പണിയുന്നതിനു വേണ്ടി, ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിന് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമരവിള വാണിജ്യനികുതി ചെക്ക് പോസ്റ്റ്

115 (2593) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമരവിള വാണിജ്യ നികുതി ചെക്ക് പോസ്റ്റ് അഴിമതി രഹിത ചെക്ക് പോസ്റ്റായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷം അവിടെ വിജിലൻസ് പരിശോധന നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പരിശോധന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 21-8-2010-ൽ ഒരു വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് വിജിലൻസ് വകുപ്പിന്റെ പരിശോധനയിലാണ്.

വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളെ അഴിമതിമുക്തമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

116 (2594) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളെ അഴിമതി മുക്തമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ;

(ബി) കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെക്ക് പോസ്റ്റുകൾ വഴിയുള്ള നികുതിവരുമാനം വർദ്ധിച്ചതായി കരുതുന്നുണ്ടോ ; എങ്കിൽ ഓരോ ചെക്ക് പോസ്റ്റിന്റെയും വരുമാനം സംബന്ധിച്ച കണക്ക് 1-4-2001 മുതൽ 31-3-2010 വരെയുള്ളത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ അഴിമതി മുക്തമാക്കുന്നതിനായി ഒട്ടേറെ പരിഷ്ക്കാര പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി നൽകി നടപ്പിലാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി, ചെക്ക്പോസ്റ്റുകളിലെ തിരക്ക് ഒഴിവാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഗതാഗത സൗകര്യം, ഭക്ഷണം എന്നിവയും ബംഗ്ര മഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഭക്ഷണ സൗകര്യം എന്നിവയും ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly